മാരാമൺ കൺവൻഷൻ 2025

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2025 ഫെബ്രുവരി 11 ചൊവ്വ

## യേശുക്രിസ്തുവിലൂടെയുള്ള പുതിയ ജീവിതം

**ഡോ.രാജ്കുമാർ രാമചന്ദ്രൻ**

**പരിഭാഷകൻ : റവ.വി.എം.മാത്യു**



*130–ാം മത് മാരാമൺ കൺവൻഷന്റെ മൂന്നാം ദിവസത്തെ പ്രഭാത യോഗത്തിൽ ഡോ.രാജ്കുമാർ രാമചന്ദ്രൻ മുഖ്യ സന്ദേശം നൽകുന്നു. റവ.വി.എം. മാത്യു സമീപം*

വചന വിരോധികൾ ആയ ഭരണകൂട നേതൃത്വം അപ്പൊസ്തലന്മാരെ തടവറയിലാക്കുകയും ദൈവദൂതനാൽ അപ്പൊസ്തലന്മാർ തടവറയിൽ നിന്നു വിമോചിക്കപ്പെടുകയും ചെയ്യുന്നതായി ആദിമസഭയിൽ കാണുന്നു. യേശുക്രിസ്തുവിലുള്ള ജീവിതത്തിൽ ക്ലേശങ്ങൾ ഉ്, എങ്കിലും അതിനു പരിഹാരങ്ങൾ ഉ്. യേശു രക്ഷകൻ എന്നു പറയുന്നവരാണ് നാം; എന്നാൽ അവനെ കർത്താവായി ഏറ്റുപറയുവാൻ നമുക്ക് കഴിഞ്ഞിട്ടുോ. നീതി നിമിത്തം കഷ്ടം സഹിക്കേി വന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയുമരുത്. എന്നാൽ നിങ്ങളുടെ ഹൃദയങ്ങളെ കർത്താവിനായി വിശുദ്ധീകരിപ്പിൻ എന്ന് പത്രോസ് എഴുതിയ ഒന്നാം ലേഖനത്തിൽ ഓർപ്പിക്കുന്നു. ഭാവിയെക്കുറിച്ച് ഭയപ്പെടുന്ന സമൂഹത്തെ യെശയ്യാവ് 8: 11,12 വാക്യങ്ങളിൽ കാണുന്നു. യെശയ്യാ പ്രവാചകന്റെ വാക്കുകൾ സൂചിപ്പിച്ചുകൊ് വിശുദ്ധ പത്രോസ് ഭയപ്പെടരുത് എന്ന് ഓർപ്പിക്കുകയും യേശുവിനെ രക്ഷകനും കർത്താവും ആയി സ്വീകരിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

പുതിയ ജീവിതം ആഗ്രഹിക്കുന്നവർ പുതുതായി ജനിക്കണം. ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നതിലൂടെയാണ് നമുക്ക് പുതുതായി ജനിക്കാനും പുതിയ ജീവിതം ആരംഭിക്കാനും കഴിയുന്നത്. ക്രിസ്തുവിൽ പുതിയ ജീവിതം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർ ശ്രദ്ധിക്കേ കാര്യങ്ങൾ

1. ദൈവവചനപ്രകാരം ജീവിക്കുക (മത്തായി 4:14)
2. പരിശുദ്ധാത്മ ആലോചനയിൽ ജീവിക്കുക (ഗലാ. 5:10)
3. വിശ്വാസത്തിൽ ജീവിക്കുക (റോമർ 1:17) എന്നാണ് വേദപുസ്തകം പറയുന്നത്.

ദൈവവചനപ്രകാരം എങ്ങനെ ജീവിക്കാം എന്നു നമുക്ക് ചിന്തിക്കാം. പരിശുദ്ധാത്മാവിലുള്ള ജീവനിലാണ് യേശുക്രിസ്തു വചനം പങ്കുവെച്ചത്. ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു എന്ന് യോഹന്നാൻ 6:63 ൽ വായിക്കുന്നു. ദൈവത്തെ അറിയുക എന്നാൽ ദൈവത്തിന്റെ ഇഷ്ടാനിഷ്ടങ്ങളെ തിരിച്ചറിയുക എന്നതാണ്. വേദപുസ്തക വായനകൾ ദൈവത്തെ അറിയുന്നതിനുള്ള മുഖാന്തരമാകണം. ദൈവത്തെ സ്നേഹിക്കുന്നവർ ദൈവവചനത്തെയും സ്നേഹിക്കുന്നവരാണ്. നാം നമ്മുടെ ജീവിതത്തെ ക്രിസ്തുവിനു നൽകുമ്പോൾ പരിശുദ്ധാത്മാവിനെ നാം അനുഭവിക്കുകയും പരിശുദ്ധാത്മാവ് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുകയും വചനാധിഷ്ഠിതമായ ഉപദേശങ്ങൾ നമുക്ക് ലഭിക്കുകയും ചെയ്യും (യോഹ. 14:20). ദൈവത്തെ സ്നേഹിക്കുന്നവർ ദൈവശബ്ദത്തിനു കാത് കൊടുക്കുവാൻ സന്നദ്ധരാവണം. നാം ദൈവവചനപ്രകാരം ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ ദൈവം മതിയായവനാണ്.

വചനത്തെ അനുസരിക്കുമ്പോൾ ജീവിതത്തിൽ പ്രതിസന്ധികൾ വന്നേക്കാം. എന്നാൽ അതിനെ അതിജീവിക്കാൻ ദൈവീക വാഗ്ദത്തം നമുക്ക് ലഭിച്ചിട്ടു് (യോഹ. 16:33). വചനം അനുസരിക്കുമ്പോൾ നാം ദൈവിക സന്തോഷവും സമാധാനവും ലഭിക്കും. എറോൺ എന്ന യവനായ പദത്തിൽ നിന്നാണ് സമാധാനം എന്ന വാക്കിന്റെ ഉൽപ്പത്തി. ഒരുമ, സമഗ്രത എന്നാണ് അത് അർത്ഥമാക്കുന്നത്. വചനം അനുസരിക്കുമ്പോൾ ജീവിതത്തിൽ സമഗ്രതയും സമാധാനവും നമുക്ക് അനുഭവവേദ്യമാകും. എന്നിൽ സമാധാനവും ലോകത്തിൽ പ്രതിസന്ധിയും ഉെന്നു ക്രിസ്തു സംസാരിക്കുന്നത് അതുകൊാണ്. ദൈവത്തിനുവേി നാം ജീവിക്കുമ്പോൾ ദൈവം നമ്മുടെ ഉള്ളിൽ വസിക്കും. ക്രിസ്തുവിന്റെ കുരിശിലൂടെ നാം സമാധാനത്തിനു പാത്രരായിത്തീർന്നു. അതിനാൽ നാം സമാധാനം അന്വേഷിക്കേവരല്ല, നമുക്ക് സമാധാനം നൽകപ്പെട്ടിട്ടു്.

നാം എല്ലാവരും ഒരു ശുശ്രൂഷകരായിത്തീരാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവഹിതം ചെയ്യുന്നവനാണ് ശുശ്രൂഷക്കാരൻ. ദൈവഹിതം എന്താണ്. അത് ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നതാണ്. ദൈവത്തിന്റെ ഇഷ്ടം എന്താണ്? അത് തിരുവെഴുത്തുകൾ പ്രകാരം ജീവിക്കുന്നതാണ്.

ദൈവത്തെ അനുസരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്താണ്. ദൈവസ്നേഹത്തോടുള്ള നമ്മുടെ പ്രതികരണം ദൈവഹിതം അനുസരിക്കുകയെന്നതാണ്. ദൈവത്തെ അറിയുകയും അനുസരിക്കുകയും ചെയ്യുമ്പോൾ നാം ദൈവത്തെ കൂടുതൽ അറിയും. നിന്റെ ജീവിതം എന്നിലൂടെ നിവർത്തിപ്പാൻ ദൈവമേ നീ എന്നിലേക്ക് വരേണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം. തിരുവചനപ്രകാരം ക്രിസ്തുവിൽ പുതിയ ജീവിതം കെട്ടുപണി ചെയ്യാൻ ദൈവകൃപയ്ക്കായി നമുക്ക് യാചിക്കാം.

അഭിവന്ദ്യരായ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഡോ. ഐസക്ക് മാർ കൂറിലോസ് എപ്പിസ്കോപ്പാ, തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ, ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ, ഡോ (ഹാബിൽ). ജോസഫ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ, മാത്യൂസ് മാർ സെറാഫീം എപ്പിസ്കോപ്പാ എന്നിവർ സന്നിഹിതരായിരുന്നു. ജനറൽ സെക്രട്ടറി റവ. എബി കെ. ജോഷ്വാ പ്രസ്താവന നിർവ്വഹിച്ചു.

# പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ട ക്രിസ്തു വിശ്വാസം

## ബൈബിൾ സ്റ്റഡി

റവ. ഡോ. ജെറി പിള്ളെള



*റവ.പ്രൊഫ.ഡോ.ജെറി പിള്ളെള ബൈബിൾ ക്ലാസ്സിന് നേതൃത്വം നൽകുന്നു, പരിഭാഷകൻ റവ.മാത്യൂസ് സ്കറിയ സമീപം*

ജീവിതത്തിൽ ഒഴിച്ചുകൂടുവാൻ സാധിക്കാത്ത ചില കാര്യങ്ങളുു്. ചിലപ്പോൾ അത് കുടുംബമാവാം, വാഹനമാവാം, ഫോണാകാം. എന്നാൽ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ ഒഴിച്ചുകൂടുവാൻ സാധിക്കാത്തതെന്താണ്? പരിശുദ്ധാത്മാവിന്റെ നിറവാണ് ഒരു ക്രിസ്തു അനുയായിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടുവാൻ സാധിക്കാത്തത്. പുനരുത്ഥാരണത്തിനുശേഷം യേശുക്രിസ്തു ശിഷ്യന്മാരോട് പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശേഷം ശുശ്രൂഷയ്ക്ക് പുറപ്പെടുവാൻ ആഹ്വാനം ചെയ്യുകയാണ്. എന്തെന്നാൽ സ്വന്ത അറിവിലല്ല, പിന്നെയോ പരിശുദ്ധാത്മാവിന്റെ നിറവിലെ ക്രിസ്തു ശുശ്രൂഷയ്ക്ക് സാക്ഷിയാകുവാൻ സാധിക്കുകയുള്ളൂ. ക്രിസ്തു പോലും തന്റെ പരസ്യ ശുശ്രൂഷയിൽ പരിശുദ്ധാത്മ നിറവോടെയാണ് ശുശ്രൂഷകൾ നിർവ്വഹിച്ചു മുമ്പോട്ടു പോയത്. അതെ, പരിശുദ്ധാത്മ ശക്തിയാലാണ് ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷ നിർവ്വഹിച്ചത്. യെഹസ്കേൽ 37 -ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസത്തെപ്പറ്റി പഴയ നിയമം വിശദീകരിക്കുന്നു. യിസ്രായേൽ ജനതയുടെ കഷ്ടപ്പാടുകളുടെ നടുവിൽ പരിശുദ്ധാത്മാവിന്റെ വ്യാപാരമാണ് ഇവിടെ വിവരിക്കുന്നത്. വേർപ്പെട്ടുകിടക്കുന്ന അസ്ഥികളിലേക്ക് പ്രവാചകൻ പ്രവചിച്ചപ്പോൾ ദൈവത്തിന്റെ റൂഹാ ആവസിച്ച് ആ അസ്ഥികൾ ജീവനുള്ള സൈന്യമായി മാറി. ദൈവത്തിന്റെ ആത്മാവ് തന്റെ ജനത്തിന് പുത്തൻ പ്രതീക്ഷയും, ജീവനും, ഉണർവ്വും നൽകുന്നതാണ്. നമ്മുടെ ജീവിതത്തിന് സാക്ഷ്യം നഷ്ടപ്പെട്ടേക്കാം, നിർജ്ജീവ അവസ്ഥ ഉായേക്കാം, എന്നാൽ നമ്മുടെ നിർജ്ജീവ അവസ്ഥയിൽ നിന്നുള്ള ഉണർവ്വിന് പരിശുദ്ധാത്മാവിന്റെ ആവാസം ആവശ്യമാണ്. എന്നാൽ മാത്രമേ നമുക്ക് ഒരു ക്രിസ്ത്യാനി ആകുവാൻ സാധിക്കുകയുള്ളൂ. എന്തിനാണ് നമുക്ക് പരിശുദ്ധാത്മാവ്? യോഹന്നാൻ 16: 7-15 പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റിയും ദൈവത്തിന്റെ ആത്മാവ് എന്തിനെന്നും വ്യക്തമാക്കുന്നു.

1. പരിശുദ്ധാത്മാവ് ക്രിസ്തുവിനെ കർത്താവ് എന്ന് സാക്ഷിക്കുവാൻ സഹായിക്കുന്നു.

ക്രിസ്തുവിനെ കർത്താവ് എന്ന് സാക്ഷിക്കുവാൻ പരിശുദ്ധാത്മാവിനെ ആവശ്യമാണ്. 1 കൊരിന്ത്യർ 12:3 ൽ വിശദീകരിക്കുന്നതു പോലെ ചിലർ ദൈവത്തിന്റെ ഇടപെടലിലൂടെ ദൈവത്തിങ്കലേക്ക് വരുന്നു, എന്നാൽ മറ്റു ചിലർ ക്രൈസ്തവ കുടുംബത്തിലൂടെ വളർന്നു ദൈവത്തിങ്കലേക്ക് വരുന്നു. എന്തായിരുന്നാലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ മാത്രമേ ദൈവത്തെ നമുക്ക് സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവം പരിശുദ്ധാത്മാവിന് വേിയാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ആയതിനാൽ ആ പരിശുദ്ധാത്മാവിലൂടെ ത്രിത്വത്തിൽ ഒരുവനായ ദൈവം നമ്മുടെ ഉള്ളിലായിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിയുടെ ആഴവും പരപ്പും നാം തിരിച്ചറിയുന്നത് ക്രിസ്തു വെളിപ്പെടുത്തി തന്ന പരിശുദ്ധാത്മാവിലൂടെയാണ്. ഈ ലോകത്തിൽ നാം അനുഭവിക്കുന്ന പരീക്ഷകളിലും പ്രതിസന്ധികളിലും യേശുക്രിസ്തു ദൈവമാണെന്ന് പ്രഖ്യാപിക്കുവാൻ പരിശുദ്ധാത്മാവിലൂടെ മാത്രമേ സാധിക്കുകയുള്ളൂ, ക്രിസ്തു പോലും തന്റെ പരീക്ഷയെ അപ്രകാരമാണ് അഭിമുഖീകരിച്ചത്. നമുക്ക് ജഡത്തിലൂടെ ക്രിസ്തുവിനെ പ്രസാദിപ്പിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പരിശുദ്ധാത്മാവിലൂടെ യേശു കർത്താവ് എന്ന് ഏറ്റു പറയുന്നതിലൂടെ ക്രിസ്തുവിനെ പ്രസാദിപ്പിക്കുവാൻ സാധിക്കും.

2. പരിശുദ്ധാത്മാവ് നമുക്ക് പാപബോധം നൽകുന്നു. ( യോഹ. 16:8)

പാപത്തെ തിരിച്ചറിയുവാനും, പാപം എന്തെന്ന് അറിയുവാനും പരിശുദ്ധാത്മാവിന്റെ ആവാസം ആവശ്യമാണ്. യെശയ്യാ പ്രവാചകന്റെ പുസ്തകം 6-ാം അദ്ധ്യായത്തിൽ പാപത്തെപ്പറ്റിയും അശുദ്ധിയെപ്പറ്റിയും തിരിച്ചറിവു നൽകുന്നതും, ദൈവത്തെ സാക്ഷിക്കുന്നതും വിവരിക്കുന്നു. അപരനെ നോക്കി എന്റെ പാപം ഒന്നുമല്ലായെന്ന് ചിന്തിക്കുകയല്ല. എന്നാലോ കർത്താവിനെ കാണുമ്പോൾ നമ്മുടെ പാപത്തെപ്പറ്റിയുള്ള അവബോധം നമുക്ക് ഉാവുകയാണ് വേത്. ജീവിതത്തിൽ സംഭവിക്കുന്ന ചെറിയ വിള്ളലുകൾ നമ്മെ അസ്വസ്തരാക്കുന്നുുവെങ്കിലും അതുമായി പൊരുത്തപ്പെട്ടുപോകുവാൻ നാം പ്രലോഭിതരാകുന്നു്. വേദന അനുഭവിക്കുന്നവരുടെ സാഹചര്യങ്ങളെ ദൈവം കാണുന്നതുപോലെ നാം കാണണം. അല്ലായെങ്കിൽ പാപത്തിന്റെ വഴിയെ ആണ് നമ്മുടെ ഗമനം. 1 കൊരിന്ത്യർ 3:16,17 വാക്യങ്ങൾ ഓർമ്മിപ്പിക്കുന്നതുപോലെ ദൈവീക ജീവിതത്തിലേക്കും മഹത്വത്തിലേക്കും നമ്മെ നയിക്കുന്നത് പരിശുദ്ധാത്മാവാണ് ആയതിനാൽ സ്വർഗ്ഗത്തിന്റെ മഹത്വം നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തണം.

3. പരിശുദ്ധാത്മാവ് നമുക്ക് ആശ്വാസവും സദ്ഉപദേശവും നൽകുന്നു.

നമ്മുടെ ബന്ധങ്ങളിലും സാമ്പത്തിക ഇടപാടുകളിലും, രോഗാവസ്ഥയിലും, തകർച്ചയിലും വിവിധ പ്രതിസന്ധികളിലും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. യോഹന്നാൻ 16-ാം അദ്ധ്യായം പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത് സഹായകൻ, ഒപ്പം സഞ്ചരിക്കുന്നവൻ (പാറക്ലിത്ത) എന്നാണ്. നമ്മുടെ വേദനകളിൽ നമ്മെ നിലനിർത്തുന്നത് പരിശുദ്ധാത്മാവ് പകരുന്ന ശക്തിയിലാണ്. റോമർ 8-ാം അദ്ധ്യായത്തിൽ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധാത്മാവ് നമ്മുടെ ഞെരുക്കത്തിൽ പങ്കുചേരുന്നു, പ്രതീക്ഷ നൽകുന്നു, മദ്ധ്യസ്ഥനായി നില നിൽക്കുന്നു.

4. പരിശുദ്ധാത്മാവ് സാമൂഹ്യ ബന്ധങ്ങളുടെ നിർമ്മിതി സാദ്ധ്യമാക്കുന്നു.

പരിശുദ്ധാത്മാവാണ് സഭയെയും നിർമ്മിക്കുന്നത്. അപ്പൊസ്തല പ്രവൃത്തികൾ ര ാം അദ്ധ്യായം നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ പരിശുദ്ധാത്മാവ് ആദിമ സഭയുടെ മേൽ വന്നപ്പോൾ അവർ ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ച്, വചനം പഠിച്ച്, സകലവും പൊതുവക എന്ന് എണ്ണി. 1 കൊരിന്ത്യർ 12-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിന്റെ വിവിധ കൃപാ വരങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. പരിശുദ്ധാത്മാവ് കൃപാവരങ്ങളെ മാത്രമല്ല, ഫലങ്ങളെയും പുറപ്പെടുവിക്കുന്നു. കൃപാവരങ്ങൾ നമുക്ക് ശക്തി നൽകുന്നുവെങ്കിൽ ആത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയജയം എന്നിവ സ്വഭാവ രൂപീകരണത്തിന്നുതകുന്നതാണ്. വ്യത്യസ്ത അഭിപ്രായങ്ങളിൽ ഐക്യത സാദ്ധ്യമാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്, സഭകളുടെ ഐക്യവും, വ്യക്തികളുടെ ഐക്യവും സാധിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്.

5. പരിശുദ്ധാത്മാവ് ദൈവിക നിയോഗം പൂർത്തീകരിക്കുവാൻ സഹായിക്കുന്നു.

മത്തായിയുടെ സുവിശേഷം 28-ാം അദ്ധ്യായത്തിൽ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന ദൈവിക നിയോഗം വിവരിക്കുന്നു. യോഹന്നാൻ 16:13 'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും.' ശിഷ്യന്മാർ വലിയ ആവേശത്തോടെ, നിയോഗം സ്വീകരിച്ച് പുറപ്പെടുവാൻ തയ്യാറാകുമ്പോൾ പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി കാത്തിരിക്കുവാൻ ആഹ്വാനം നൽകുന്നു. എന്തെന്നാൽ പരിശുദ്ധാത്മാവ് ആണ് നമുക്ക് സകലത്തെയും പറ്റിയുള്ള ബോധ്യം നൽകുന്നത്. പൗലോസ് ഓർമ്മിപ്പിക്കുന്നു, നാം പരിശുദ്ധാത്മാവിനോട് ഒപ്പം നടക്കുന്നവരും നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമാകണം. നമ്മുടെ ജീവിതത്തിലെ വിള്ളലുകളും വരൾച്ചയും പുതുക്കത്തിന്റെ അനുഭവത്തിലാകുവാൻ തക്കവണ്ണം പരിശുദ്ധാത്മാവിന്റെ ആവാസം ഓരോ വിശ്വാസിയുടെയും ആത്മീയ ആവശ്യമാണ്. അതിനായി വാഞ്ചിക്കാം, കാത്തിരിക്കാം, പ്രാർത്ഥിക്കാം.



*മാരാമൺ കൺവൻഷനോട് അനുബന്ധിച്ചു കുട്ടിപ്പന്തലിൽ സി.എസ്.എസ്.എം പ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തുന്ന യോഗത്തിൽ നിന്നും*

# കുടുംബം : സമാധാനപരമായ ബന്ധങ്ങൾ സൂക്ഷിക്കപ്പെടേണ്ട ഇടം

**ഡോ.സിജിയ ബിനു**
*(ഫാമിലി കൗൺസിലർ)*



*കുടുംബവേദി യോഗത്തിൽ ഡോ.സിജിയാ ബിനു സന്ദേശം നൽകുന്നു. അദ്ധ്യക്ഷൻ ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ സമീപം*

കുടുംബം എന്നാൽ ഉത്തരവാദിത്തമുള്ള പ്രവർത്തനങ്ങളാൽ സജീവമായിരിക്കുന്ന ഇടമാണ്. ഫാമിലികൾ ഫാലിമികൾ ആയി മാറുകയാണ് ഇന്ന്. ഉത്തരവാദിത്തങ്ങൾ നഷ്ടപ്പെടുമ്പോഴും, പ്രവർത്തനരഹിതമായ ഇടപെടലുകൾ ഉണ്ടാകുന്നതിനെയാണ് ഫാലിമികൾ ഏന്നു പറയുന്നത്. അങ്ങനെയെങ്കിൽ പല കുടുംബങ്ങളും ഇന്ന് ഫാലിമികൾ ആണ്. ആശയവിനിമയങ്ങൾ സാധ്യമാകാതെ വരുന്നതും ഫാമിലിയിൽ നിന്നും ഫാലിമിയിലേക്ക് മാറുന്നതിനു കാരണമാകുന്നുണ്ട്. കണക്ഷൻ ഇല്ലാതെ കറക്ഷനുകൾ ആണ് ഇന്നു പല കുടുംബങ്ങളിലും നടക്കുന്നത്. മാതൃകകളില്ലാത്ത ഉപദേശം പെരുകുന്നു. സ്യൂ ജോൺസന്റെ ഹോൾഡ് മീ റൈറ്റ് എന്ന പുസ്തകം ഇമോഷണൽ ഫോക്കസ്ഡ് തെറാപ്പിയെ കുറിച്ച് പരാമർശിക്കുന്നുണ്ട്. കുടുംബങ്ങളിൽ വൈകാരികമായ ഇഴയടുപ്പങ്ങൾ ഉണ്ടാകേണം.

വേദപുസ്തകത്തിലെ ഉല്പത്തി പുസ്തകത്തിലെ 28-ാം അദ്ധ്യായത്തിൽ പരാമർശിക്കുന്ന യിസഹാക്ക്, റബേക്ക ദമ്പതികളുടെ കുടുംബത്തെ മുൻനിർത്തി നമുക്ക് ഫാമിലി എന്ന പദത്തെ നിർവചിക്കാം.

1. വിശ്വാസത്തിലധിഷ്ഠിതമാണോ, വിധിക്ക് കാതോർക്കുന്നതാണോ നമ്മുടെ കുടുംബങ്ങൾ

അബ്രഹാം യിസഹാക്കിനു വേണ്ടി നല്ല തീരുമാനം, നല്ല തെരഞ്ഞെടുപ്പുകൾ എടുക്കുന്നു. ദൈവാശ്രയത്തിൽ തീരുമാനം കൈക്കൊള്ളുന്ന കുടുംബങ്ങൾക്ക് അധിക ചിന്തകൾക്കോ, ആകുലപ്പെടലുകൾക്കോ പ്രസക്തിയില്ല. മാതാപിതാക്കളുടെ വാക്കുകളല്ല ജീവിതമാണ് മക്കൾക്ക് മാതൃകയെന്നു ഡോ. എ.പി.ജെ. അബ്ദുൾ കലാം അഭിപ്രായപ്പെടുന്നു. കുടുംബങ്ങൾ വിശ്വാസം രൂപപ്പെടുന്ന/ വിശ്വാസത്തിൽ അധിഷ്ഠിതമായ ഇടമാകണം. ഉല്പത്തി 25:63 ൽ വൈകുന്നേരത്തു യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു പോയിരുന്നു എന്ന് വായിക്കുന്നു. അപ്പന്റെ ശീലങ്ങൾ യിസഹാക്ക് പിന്തുടർന്നു. പങ്കാളികളെ തെരഞ്ഞെടുക്കുവാൻ അപ്പൻ ദാസനെ അയയ്ക്കുമ്പോൾ മുതല് ഒരു പക്ഷെ യിസഹാക്ക് തന്റെ പങ്കാളിക്ക് വേണ്ടിയുള്ള ധ്യാനത്തിലായിരുന്നിരിക്കാം. ധ്യാനാത്മകമായ ആലോചനകൾ നമ്മുടെ തെരഞ്ഞെടുപ്പുകളിൽ ഇന്നുണ്ടാവാതെ പോകുന്നുണ്ട്. കോടതി വിധികൾക്കനുസൃതമായി കുടുംബങ്ങൾ നിർവ്വചിക്കപ്പെടുന്ന ഈ കാലത്ത് വിശ്വാസത്തിൽ അധിഷ്ഠിതമായി കുടുംബങ്ങൾ പണിയപ്പെടുവാൻ കഴിയണം.

തലമുറകൾക്ക് തിരുവെഴുത്തുകൾ കൈമാറ്റം ചെയ്യാത്ത, കുടുംബബന്ധങ്ങളുടെ നിലനിൽപ്പിനേക്കാൾ വിവാഹ ചടങ്ങുകൾക്ക് പ്രാധാന്യം കല്പിക്കുന്ന ശീലങ്ങൾ പല കുടുംബങ്ങളും ശിഥിലമാക്കപ്പെടുന്നതിന് ഇടയാക്കുന്നു. കുടുംബങ്ങളിൽ അടിസ്ഥാനമിട്ട പുരോഗതികൾ അവിടെ ഇല്ലാതെ പോകുന്നു.

2. അഭിഷേകം പ്രാപിച്ചതോ, അധിക്ഷേപം സൃഷ്ടിക്കുന്നതോ നമ്മുടെ കുടുംബങ്ങൾ

പ്രതിസന്ധികളുടെ നടുവിൽ കുടുംബങ്ങൾ എങ്ങനെയാണ് നിലപാട് സ്വീകരിക്കുന്നത്. 20 വർഷത്തെ തലമുറയില്ലാതിരുന്ന ഭാരത്തിനു നടുവിലും യിസഹാക്കിന്റെയും റബേക്കയുടെയും മാതൃക അനുകരണീയമാണ്. റബേക്ക യഹോവയോടു ചോദിക്കാൻ പോയി എന്നു തിരുവചനത്തിൽ നാം വായിക്കുന്നു. യിസഹാക്കും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും യഹോവ അവരുടെ പ്രാർത്ഥന കേട്ടു. അഭിഷേകം ഇല്ലാത്ത കടുംബങ്ങളിൽ പ്രതിസന്ധികളുടെ പെരുക്കം ഉണ്ടാകും. അഭിഷേകം പ്രാപിച്ച കുടുംബങ്ങൾ പ്രതിസന്ധികളിൽ ദൈവകൃപയിൽ നിറയും.

3. അർത്ഥമുള്ളതോ/ അർത്ഥമില്ലാത്തതോ നമ്മുടെ കുടുംബങ്ങൾ

അർത്ഥരഹിതമായ കുടുംബങ്ങൾക്ക് മാതാപിതാക്കളുടെ പക്ഷപാതം കാരണമാകുന്നു. യിസഹാക്കിന്റെയും കുടുംബത്തിൽ അത് സംഭവിക്കുന്നു. തലമുറകൾക്ക് കൈമാറിവന്ന നല്ല മൂല്യങ്ങൾ കാറ്റിൽപ്പറത്തുന്നു. മാതാപിതാക്കൾ കുടുംബത്തിന്റെ വേരും മക്കൾ ഫലങ്ങളുമാണ്. വേരിനു കേടുവന്നാൽ ഫലത്തെ ബാധിക്കും. യിസഹാക്കിന്റെയും റബേക്കയുടെയും വേരിനു പക്ഷപാതമെന്ന പുഴുക്കുത്ത് ബാധിച്ചതിനാൽ ഏശാവ് ആദരവില്ലാത്തവനായി മാറി. യാക്കോബ് സദ്ഗുണ പൂർണ്ണനായിരുന്നുവെങ്കിലും ചതിയിൽ പലതും നേടുന്നവനായി മാറി. നമ്മെ തുറന്നു പ്രകടിപ്പിക്കാൻ കഴിയുന്ന/ പരസ്പരം ഉൾക്കൊള്ളാൻ കഴിയുന്ന സുരക്ഷിതമായ അന്തരീക്ഷമായി നമ്മുടെ കുടുംബങ്ങൾ മാറുമ്പോൾ അത് അർത്ഥമുള്ളതായി മാറും.

4. ഇഴയടുപ്പങ്ങളുള്ളതോ/ ഏകാന്തത നിറഞ്ഞതോ നമ്മുടെ കുടുംബങ്ങൾ

ഇഴയടുപ്പങ്ങൾ ഉള്ള കുടുംബങ്ങൾ ഇന്നിന്റെ ആവശ്യമാണ്. യിസഹാക്കിന്റെയും റബേക്കയുടെയും കുടുംബത്തിൽ അത് പാലിക്കപ്പെടാൻ കഴിയാതെ പോയി. രുചിക്കൂട്ടിലെ ഭേദങ്ങൾ മൂലം കുടുംബങ്ങളിൽ വിവിധ തകർച്ചകൾ ഇക്കാലത്ത് സംഭവിക്കുന്നുണ്ട്. ഇഴയടുപ്പം ഉള്ള കുടുംബങ്ങൾ വിശ്വസ്തതയുള്ള കുടുംബമായിത്തീരും. അവിടെ മൂല്യങ്ങളും സ്നേഹവും പകരപ്പെടും.

5. വിശ്വസ്തതയുള്ള കുടുംബം ആണോ നമ്മുടേത്

ദൈവവിശ്വാസം ഇല്ലാത്തയിടങ്ങളിൽ പരസ്പര വിശ്വാസം നഷ്ടപ്പെടും. വിശ്വസ്തതയുള്ള കുടുംബങ്ങളായി നമ്മുടെ കുടുംബങ്ങൾ പണിയപ്പെടണം. ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ കുടുംബങ്ങൾ പണിയപ്പെടുമ്പോൾ അവിടെ പരസ്പര വിശ്വാസം വർദ്ധിക്കാം.

6. ഞരക്കമുള്ളതോ/വഴക്കമുള്ളതോ നമ്മുടെ കുടുംബങ്ങൾ

യിസഹാക്കിന്റെ റബേക്കയുടെയും കുടുംബം ഞരക്കങ്ങൾക്ക് ഇടമൊരുക്കിയെങ്കിലും യാക്കോബും ഏശാവും വഴക്കമുള്ളവരായിത്തീരുന്നു. അവർ ആത്മീകമായ തിരിച്ചറിവുകൾ കണ്ടെത്തുന്നു. യാക്കോബ് യിസ്രായേൽ ആയി പരിവർത്തനം ചെയ്യുന്നു. ആത്മീകമായ തിരിച്ചറിവുകൾ നമ്മുടെ കുടുംബങ്ങളെയും വഴക്കമുള്ളതാക്കും.

വിശ്വാസത്തിലധിഷ്ഠിതപ്പെട്ട, അഭിഷേകം പ്രാപിച്ച, അർത്ഥമുള്ള ഇഴയടുപ്പമുള്ള, വിശ്വസ്തതയുള്ള, വഴക്കമുള്ള കുടുംബങ്ങൾ പണിയപ്പെടട്ടെ. അങ്ങനെയുള്ള കുടുംബങ്ങൾ സ്ഥിരതയുള്ളതും സമർപ്പണമുള്ളതും ഉടമ്പടിയുള്ളതുമായ കുടുംബങ്ങളായി പരിവർത്തനപ്പെടും. ഉടമ്പടിയിൽ മൂന്നാമനായി ക്രിസ്തു ഇറങ്ങിവരും.



*മാരാമൺ മണൽപ്പുറത്തെ പ്രാർത്ഥനാലയത്തിൽ ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നു*

**മാരാമൺ കൺവൻഷൻ പാട്ടുപുസ്തകങ്ങൾ**



മലയാളം 20 രൂപ ഇംഗ്ലീഷ് ട്രാൻസ്ലിറ്ററേറ്റഡ് 30 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്

# കുടുംബം : അൾത്താരകളെ സൃഷ്ടിക്കുന്ന ഇടം – മാർ മക്കാറിയോസ്



*മാരാമൺ കൺവൻഷന്റെ ചൊവ്വാഴ്ച ദിവസത്തെ സായാഹ്ന യോഗത്തിൽ ഡോ.മാത്യൂസ് മാർ മക്കാറിയോസ് വചന സന്ദേശം നൽകുന്നു*

യേശു ഗലീലയിൽ ചെന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചതായിരുന്നു ക്രിസ്തുവിന്റെ കന്നിപ്രസംഗം. അനുതാപം, മാനസാന്തരം, വീണ്ടെടുപ്പ് എന്നിവയാണ് ഈ ദിനങ്ങളിലെ നമ്മുടെ ചിന്താവിഷയം. മാനസാന്തരപ്പെടുക, സുവിശേഷത്തിൽ വിശ്വസിക്കുക എന്നതായിരുന്നല്ലോ കർത്താവിന്റെ പരസ്യശുശ്രൂഷയുടെ കാതൽ. മാനസാന്തരം, ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവാണെന്ന് യേശുക്രിസ്തു ലൂക്കോസിന്റെ സുവിശേഷം 15–ാം അദ്ധ്യായത്തിലൂടെ വിശദീകരിക്കുന്നു. പിതാവിലേക്കുള്ള, സഹോദരങ്ങളിലേക്കുള്ള, അപരനിലേക്കുള്ള മടക്കയാത്രയാണ് മാനസാന്തരം. പഴയനിയമത്തിൽ സഹോദരങ്ങളായ ഏശാവും യാക്കോബും മടങ്ങിവന്നു കണ്ടുമുട്ടുന്നുണ്ട്. അവിടെ സാക്ഷിക്കുന്നത് ഞാൻ ദൈവത്തിന്റെ മുഖം കാണുന്നതുപോലെ നിന്റെ മുഖം കാണുന്നു എന്നാണ്, അപരനിൽ ദൈവത്തിന്റെ മുഖം കാണുന്നതും, പരിസ്ഥിതിയിലേക്കുള്ള മടക്കയാത്രയും മാനസാന്തരത്തിന്റെ അനുഭവങ്ങളാണ്. അതിന് ആത്മീക നിറവ് ആവശ്യമാണ്. ആത്മീയതയുടെ അന്തസത്ത വെളിവാകുന്നത് അഹംപൊളിയലിലാണ്. ഭൗതികമായ സ്വപ്നങ്ങളിൽ നിന്ന് ക്രിസ്തു സ്നേഹത്തിലേക്കുള്ള യാത്രയാണ് ആത്മീകത. കാനാവിലെ കല്യാണം മുതൽ അന്ത്യ അത്താഴം വരെ യേശുക്രിസ്തുവിന്റെ യാത്രകൾ ഭവനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെയെങ്കിൽ ഭവനം ദൈവരാജ്യത്തിന്റെ മാതൃകകളാണ്. കടൽക്കരയിൽ മൂന്ന് ദിവസം ഭക്ഷണം കൂടാതെ ദൈവവചനം കേട്ടിരുന്ന ജനത്തെ വേദപുസ്തകം വിവരിക്കുന്നു. അവർക്ക് അപ്പം ലഭിക്കുവാൻ കാരണമായതോ, ഒരു ചെറു ബാലന്റെ പങ്കിടൽ മനോഭാവമാണ്. എന്നാൽ അപ്പം ലഭിക്കുമ്പോൾ അവർ വീണ്ടും ക്രിസ്തുവിനെ തേടി വരുന്നു. ക്രൈസ്തവ ലോകത്തിന്റെ ആത്മീക വെല്ലുവിളിയാണ് ക്രിസ്തു ഇവിടെ പഠിപ്പിക്കുന്നത്. ഹൃദയ സ്പർശിയായിരുന്ന വചനങ്ങളെങ്കിലും ഉള്ളിലേക്ക് കടക്കാതെ അപ്പം ലഭിക്കാനായി ക്രിസ്തുവിനെ പിന്തുടർന്ന ജനം ആധുനിക ലോകത്തിന്റെ പ്രതീകമാണ്. ലോകത്തിന്റെ ആത്മീകതയുടെ നീതി ബോധത്തെ ക്രിസ്തു ഇവിടെ വരച്ചുകാട്ടുന്നു. ക്രിസ്തുവിന്റെ മരണത്തിനും ഉത്ഥാനത്തിനു ശേഷം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്ന ശിഷ്യർ ലോകത്തിൽ യാത്ര ചെയ്ത് സുവിശേഷം അറിയിക്കുന്നു. അപ്രകാരമുള്ള പത്രോസിന്റെ ആത്മീയ യാത്രയുടെ ഭാഗമാണ് നാം ഇന്ന് ചിന്തിക്കുന്നത്.

സഭയുടെ ഉദയവും വളർച്ചയും പരിശുദ്ധാത്മാവിലൂടെ എന്നുള്ളതാണ് ഈ വേദഭാഗത്തിന്റെ ചിന്താവിഷയം. അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സുവിശേഷമാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷികളാണ് ശിഷ്യന്മാർ. സത്യത്തിന്റെ അറിയപ്പെടാത്ത തലം തേടിയുള്ള യാത്രയാണ് ആത്മീയത. ക്രിസ്തുവിനോടൊപ്പം മൂന്നരവർഷക്കാലം സഞ്ചരിച്ച ശിഷ്യന്മാർക്കും സത്യം തിരിച്ചറിയുവാൻ സാധിച്ചില്ല. എന്നാൽ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ ശിഷ്യന്മാരെ സകല സത്യത്തിലും വഴി നടത്തുന്നതായി അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം പഠിപ്പിക്കുന്നു.

സത്യത്തിന്റെ മറുപുറം തേടിയുള്ള യാത്രയാണ് അദ്ധ്യാത്മീകത. അസംഘടിതരായവരുടെ ഇടയിൽ സുവിശേഷം അറിയിക്കുക, എവിടെ ആവശ്യമോ, അവിടെ വിളംബരം ചെയ്യുക എന്നതാണ് ക്രിസ്തു സഭയെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം.

പെസഹാ പെരുന്നാളിന്റെ നാളുകളിൽ പത്രോസ് തടവിലാകുകയും എന്നാൽ ജനത്തിന്റെ മുമ്പിൽ നിർത്തുവാൻ ഭാവിച്ചതിന്റെ തലേ രാത്രിയിൽ ദൂതൻ അവനെ വിടുവിക്കുന്നതാണ് വായനഭാഗം. കാവൽ ഭേദിക്കപ്പെടുകയും ബന്ധനങ്ങൾ അഴിഞ്ഞു വീഴുകയും ചെയ്യുന്ന സ്വർഗ്ഗീയ ഇടപെടൽ നമുക്ക് ഇവിടെ കാണാം. തുടർന്ന് പത്രൊസ് എത്തിച്ചേരുന്നത് ഒരുമനപ്പെട്ട് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഭവനത്തിലാണ്. ആത്മീയത നിറഞ്ഞ ഭവനത്തിന്റെ പ്രാർത്ഥനയുടെ അനന്തരഫലമാണ് പത്രൊസിന്റെ വിടുതൽ. ദൈവം കൈവിട്ടുവെന്ന് തോന്നിയാലും ദൈവത്തെ കൈവിടാത്ത മനുഷ്യരാണ് ഇന്നിന്റെ നന്മ.

### 1. ദൈവകൃപയുടെ കടന്നുകയറ്റം ജീവിതത്തിൽ അനുഭവിക്കുന്ന പത്രൊസ്

ശിമോൻ പത്രൊസിന്റെ ഭൗമിക സ്വപ്നങ്ങളിൽ നിന്നും ക്രിസ്തു സ്നേഹത്തിന്റെ പരുപരുത്ത യാഥാർത്ഥ്യത്തിലേക്കുള്ള യാത്രയാണ് ആത്മീയത. ക്രിസ്തു പത്രൊസിന്റെ പടകിലേക്ക് കടന്നു കയറിയെന്ന് വേദപുസ്തകം ഓർമ്മിപ്പിക്കുന്നു. അത് കൃപയുടെ കടന്നുകയറ്റമായിരുന്നു. തുടർന്ന് ആഴത്തിലേക്ക് വലയിറക്കുവാൻ ആവശ്യപ്പെടുന്നു. അത് അനുസരണത്തിന്റെ വിളി ആയിരുന്നു. അത് അനുസരിച്ച പത്രൊസിന് വല കീറുവോളം മീൻ ലഭിക്കുന്നു. തുടർന്ന് പത്രൊസിന്റെ അനുതാപവും വിവരിക്കുന്നു. ക്രിസ്തുവിന്റെ കടന്നുകയറ്റം പത്രൊസിന്റെ കടൽ ജീവിതത്തിൽ നിന്നും കൗദാശിക ജീവിതത്തിലേക്കുള്ള യാത്രയായിരുന്നു. പഴയ തൊഴിലിലേക്ക് മാറിപ്പോയ പ്രിയ ശിഷ്യനെ ക്രിസ്തുസ്നേഹം പിൻചെല്ലുന്നുവെന്നും, ശിഷ്യത്വത്തിന്റെ പൂർണ്ണതയിലേക്ക് ആനയിക്കുന്നുവെന്നും നാം സുവിശേഷത്തിൽ വായിക്കുന്നു. പിന്നീട് പത്രൊസ് ക്രിസ്തുവിന്റെ ശരീരമായ തിരുസഭയുടെ ഭാഗമായി മാറുന്നു. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുക എന്നതിലുപരി ഒരു അത്ഭുതവും അടയാളവുമായി തീരുകയാണ് പത്രൊസ്. ജീവനുള്ള ദൈവത്തിന്റെ പുത്രനായി ക്രിസ്തുവിനെ പത്രൊസ് സാക്ഷിക്കുന്നുവെങ്കിലും പ്രതിസന്ധി ഘട്ടത്തിൽ അവനെ തള്ളിപ്പറഞ്ഞ് അറിവിന്റെ പരിമിതി അനുഭവിക്കുന്നു.

### 2. സഭയുടെ തിരിച്ചറിയൽ രേഖയാണ് മുറിപ്പാടുകൾ

ക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത് മരണത്തിലൂടെ നിത്യജീവനിലേക്ക് കടക്കുകയെന്നതാണ്. കോതമ്പുമണി നിലത്തു വീണു ചാവുന്നില്ലായെങ്കിൽ തനിയെ ഇരിക്കുന്നു. ചത്തുവെങ്കിലോ ഫലം കായിക്കുന്നു. മുറിവുകൾ ഏറ്റുവാങ്ങുന്ന സഭ ക്രൂശിനെ മാതൃകയാക്കണം. ദൈവസ്നേഹത്തിന്റെ തെളിവാണ്, സഹനത്തിന്റെ പ്രതീകമാണ് ക്രൂശ്. സഹനത്തിലിരിക്കുന്ന ജനത്തിന്റെ കൂട്ടായ്മയുടെ അന്ത്യമാണ് പറുദീസ. അതാണ് ക്രിസ്തു തന്റെ ക്രൂശിൽ വച്ച് കള്ളനു പകർന്നു നൽകിയത്. സാക്ഷ്യങ്ങൾ പകർന്നു നൽകുന്നതാവണം സഭ.

### 3. പരിശുദ്ധാത്മാവിനാൽ രൂപപ്പെട്ട് വളർന്ന സഭ

പരിശുദ്ധാത്മാവിനാൽ രൂപപ്പെട്ട് വളർന്ന സഭ സാക്ഷ്യമുള്ള സഭയാകണം. ദൈവത്തിന്റെ ഭാഷ എന്താണ്? ദൈവത്തിന്റെ ഭാഷ സ്നേഹത്തിന്റെയും, വിനയത്തിന്റെയും, കരുതലിന്റെയും, ഭാഷയാണ്. അതുകൊണ്ടാണ് വചനം ഇപ്രകാരം പഠിപ്പിക്കുന്നു ദൈവം സ്നേഹമാകുന്നു. സ്നേഹവാനായ ദൈവത്തെ പങ്കുവെയ്ക്കലാണ് സഭയുടെ ദൗത്യം.

ശൂന്യമായ കല്ലറയിൽ നിന്നുള്ള വിശ്വാസത്തിന്റെ തീർത്ഥ യാത്രയാണ് അദ്ധ്യാത്മികത. ക്രിസ്തുമസ് ചരിത്രത്തിലേക്ക് കത്തിച്ചു വച്ച ഒരു ചിരാത് ആണ്. അതിൽ നിന്ന് ഒരു തിരി കത്തിച്ച് സ്വന്തം ഹൃദയത്തിലേക്ക് വയ്ക്കുവാൻ കഴിയുന്നതാണ് സുവിശേഷം. കാഴ്ചകൾ ഉൾക്കാഴ്ചകളാകുന്നതാണ് വിശ്വാസം.

### 4. സാക്ഷ്യം കുരിശിന്റെ പാതയിൽ

യേശു ലോകത്തിൽ വന്നത് ദരിദ്രരോട് സുവിശേഷമറിയിക്കുവാനാണ്. ആ നിയോഗം ഏറ്റെടുത്തവരാണ് ശിഷ്യന്മാർ. ആ വലിയ നിയോഗമാണ് ക്രിസ്തു തിരുസഭയെ ഭരമേൽപ്പിച്ചിരിക്കുന്നത്. പരിശുദ്ധാത്മനിയോഗവും, സഭയുടെ ദൗത്യവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഭവനങ്ങളെ അൾത്താരകളായി മാറ്റുന്നിടത്താണ് സാക്ഷ്യമുള്ള കുരിശിന്റെ പാതകൾ സൃഷ്ടിക്കുന്നത്. മരണമുറങ്ങുന്ന പിരമിഡുകളേക്കാൾ ജീവനുള്ള കിളിക്കൂടുകളാണ് നല്ലത്. സമ്പത്തുക്കൾ സൃഷ്ടിക്കുന്ന പിരമിഡുകളേക്കാൾ സാക്ഷ്യം സൃഷ്ടിക്കുന്ന ജീവനുകളാണ് ഇന്നിന്റെ ആവശ്യം. ഇരുളിനോട് പൊരുതുവാൻ വെളിച്ചത്തിന് മാത്രമേ സാധിക്കൂ. അപ്രകാരം അദ്ധ്യാത്മിക മേഖലയുടെ വെളിച്ചങ്ങളാകുവാൻ ക്രിസ്തുവിന്റെ അനുയായികൾക്ക് സാധിക്കട്ടെ.

അന്യോന്യമുള്ള സ്നേഹബന്ധത്തിലൂടെ കുടുംബങ്ങളിൽ അൾത്താരകൾ സൃഷ്ടിക്കുമ്പോൾ ലോകത്തിന് വിടുതൽ ലഭിക്കുന്നു.

**മീഡിയ & പബ്ലിസിറ്റി കൺവീനേഴ്സ്**



തോമസ് കോശി



റിജു എം. ജോർജ്ജ്

**മാരാമൺ സന്ദേശം**



റവ. ഈപ്പൻ എബ്രഹാം